പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2456 **27-10-2026-ൽ മറുപടിയ്ക്ക്**

എക്സൈസ് വകുപ്പിന്റെ റിലാക്സ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) എക്സൈസ് വകുപ്പിന്റെ കീഴിൽ ലഹരി വിമുക്ത പ്രവർത്തനങ്ങൾക്കായി ഈയിടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ റിലാക്സ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളും വിശദാംശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ആധുനിക സമൂഹത്തിൽ വിവിധ തുറകളിലുള്ളവരിൽ വർദ്ധിച്ചുവരുന്ന മാനസിക സമ്മർദ്ദം, ലഹരി ഉപയോഗം, ഡിജിറ്റൽ അഡിക്ഷൻ എന്നിവയ്ക്ക് ആരോഗ്യകരമായ ഒരു ബദൽ കണ്ടെത്തുക, സമൂഹത്തിലെ പ്രത്യേകിച്ച് യുവജനങ്ങൾക്കും കുട്ടികൾക്കും തങ്ങളുടെ ഒഴിവുസമയം ക്രിയാത്മകവും ആരോഗ്യകരവുമായ വിനോദങ്ങൾക്കായി വിനിയോഗിക്കാൻ സുരക്ഷിതവും സൗകര്യപ്രദവുമായ ഇടങ്ങൾ (Comfort Zones) ഒരുക്കുക എന്നിവക്ക് മുൻഗണന നൽകി സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ മയങ്ങില്ല കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി അവിടം തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി വൃത്തിയാക്കി പ്രദേശത്തെ ജനങ്ങൾക്ക് ഒഴിവു സമയം വിനോദപ്രവർത്തനങ്ങൾക്കും മറ്റും ചിലവഴിക്കുന്നതിന് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ റിലാക്സ് (RELACZ- Rest & Entertainment in Leisure times At Comfort Zones) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് ടി പദ്ധതിയുടെ ഭാഗമായി MLA-മാരുടെ സഹായത്തോടെ എല്ലാ നിയോജകമണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിന്റെ ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുന്ന പ്രവൃത്തി നടന്നുവരികയുമാണ്. സംസ്ഥാനത്ത് ആകെയുള്ള 138 എക്സൈസ് റേഞ്ച് ഓഫീസ് പരിധിയിൽ 122 സ്ഥലങ്ങൾ വൃത്തിയാക്കി സൗകര്യപ്രദമായ വിനോദ ഇടങ്ങൾ ഒരുക്കുകയും ആയതിന്റെ ഉദ്ഘാടനം നിർവഹിച്ചിട്ടുള്ളതുമാണ്. റിലാക്സ് പദ്ധതി പ്രകാരം അത്തരം കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ബാക്കിയുള്ള നിയോജകമണ്ഡലങ്ങളിലും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചു വരികയാണ്. ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം തുടങ്ങിയ റിലാക്സ് കേന്ദ്രങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി എന്തൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: കുന്ദമംഗലം നിയോജകമണ്ഡലത്തിന്റെ കീഴിൽ 2 റിലാക്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാരിന്റെ മയങ്ങില്ല കേരളം 100 ദിന കർമ്മപരിപാടിയോട് അനുബന്ധിച്ച് കുന്ദമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന് കീഴിൽ ചാത്തമംഗലം പഞ്ചായത്തിൽ ചാത്തമംഗലം വില്ലേജിൽ കുളിമാട് പാലത്തിന് സമീപം ചാലിയാർ പുഴയുടെ തീരത്ത് ആരംഭിച്ച റിലാക്സ് സെന്റർ ബഹു. എംഎൽഎ. എം.എ റസാഖ് മാസ്റ്റർ ഒക്ടോബർ 2 രാവിലെ 8 മണിക്ക് ഉദ്ഘാടനം ചെയ്തു. റിലാക്സ് സെന്ററിൽ പൊതുജനങ്ങൾക്ക് വിശ്രമിക്കുന്നതിനും വായിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പൂർണമായ തോതിൽ പ്രവർത്തനം ആരംഭിക്കുന്നതോടു കൂടി ഒരു ലൈബ്രറിയും RELACZ സെന്ററിൽ നിലവിൽ വരും.

കുന്ദമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഒളവണ്ണ പഞ്ചായത്തിൽ കൊന്തനാരി ദേശത്ത് ബൊട്ടാണിക്കൽ ഗാർഡന് സമീപത്ത് സജ്ജീകരിച്ച റിലാക്സ് സെൻറർ ബഹുമാനപ്പെട്ട കുന്ദമംഗലം എംഎൽഎ. റസാക്ക് മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ടി സ്ഥലത്ത് ഒളവണ്ണ പഞ്ചായത്തിന്റെയും വിവിധ റെസിഡൻസ് അസോസിയേഷന്റെയും നേതൃത്വത്തിൽ ജനജാഗ്രത സമിതി രൂപീകരിച്ച് ഈ പ്രദേശത്ത് മയക്കുമരുന്ന് ഉപയോഗം ഇല്ലാതാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈകൊണ്ടിട്ടുണ്ട്.

(സി) ലഹരിയിൽ നിന്ന് മോചിതരാകുന്ന വ്യക്തികൾക്ക് കൗൺസിലിംഗും പുനരധിവാസവും ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും വകുപ്പ് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>മറുപടി:</u> സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയോട് അനുബന്ധിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഒരു സ്ഥലത്ത് മാതൃകാ പുനരധിവാസ കേന്ദ്രം സജ്ജമാക്കുന്നതിനായി ആരോഗ്യ വകുപ്പുമായി ചേർന്ന് മാനസികാരോഗ്യ വിദഗ്ധർ, സോഷ്യൽ വർക്കർമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ഡി.പി.ആറും പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു എസ്.ഒ.പിയും (Standard Operating Procedure) എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

നിലവിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളിൽ മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സൈക്യാട്രിക്ക് സോഷ്യൽ വർക്കർ, സ്റ്റാഫ് നേഴ്സ് എന്നിവരുടെ സേവനം ലഭ്യമാണ്. എല്ലാ ജില്ലകളിലുമുള്ള ഡി- അഡിക്ഷൻ സെന്ററുകളിൽ ഒരു സൈക്യാട്രിസ്റ്റിന്റെ സേവനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരികയാണ്. 14 ജില്ലകളിലും ഓരോ വിമുക്തി കോ-ഓർഡിനേറ്ററെ കൂടി നിയമിക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ച് വരികയാണ്.

മാതൃകാ പുനരധിവാസകേന്ദ്രം ആരംഭിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചു കൊണ്ട് ഡി.പി.ആറും എസ്.ഒ.പിയും എക്സൈസ് വകുപ്പ് തയാറാക്കിയിട്ടുള്ളതും ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ പുനരധിവാസ കേന്ദ്രങ്ങൾ ആരഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളുമായും മറ്റും ചർച്ചകൾ നടത്തി വരുകയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നമ്പർ	ജില്ല	നിയമസഭാ മണ്ഡലം	കണ്ടെത്തിയ എക്സൈസ് റേഞ്ച് ഓഫീസിന്റെ പേര്
1	തിരുവനന്തപുരം	1. തിരുവനന്തപുരം	• തിരുവനന്തപുരം
		2. കഴക്കൂട്ടം	• കഴക്കൂട്ടം
		3. നെയ്യാറ്റിൻകര	• തിരുപുറം
		4. നെയ്യാറ്റിൻകര	• നെയ്യാറ്റിൻകര
		5. പാറശാല	• അമരവിള
		6. കാട്ടാക്കട	• കാട്ടാക്കട
		7. അരുവിക്കര	• ആര്യനാട്
		8. അരുവിക്കര	• നെടുമങ്ങാട്
		9. വാമനപുരം	• വാമനപുരം
		10. ചിറയിൻകീഴ്	• കിളിമാന്തർ
		11. ചിറയിൻകീഴ്	• ചിറയിൻകീഴ്
		12. വർക്കല	• വർക്കല
2	കൊല്ലം	1. കൊല്ലം	• കൊല്ലം
		2. ചാത്തന്നൂർ	• ചാത്തന്നൂർ
		3. കരുനാഗപ്പള്ളി	• കരുനാഗപ്പള്ളി
		4. കുന്നത്തൂർ	• ശാസ്താംകോട്ട
		5. കൊട്ടാരക്കര	• കൊട്ടാരക്കര

		6. ചടയമംഗലം	• ചടയമംഗലം
		7. കൊട്ടാരക്കര	• എഴുകോൺ
		8. പത്തനാപുരം	• പത്തനാപുരം
		9. പുനലൂർ	• അഞ്ചൽ
3	പത്തനംതിട്ട	1. അടൂർ	• അടൂർ
		2. തിരുവല്ല	• തിരുവല്ല
		3. തിരുവല്ല	• മല്ലപ്പള്ളി
		4. റാന്നി	• റാന്നി
		5. കോന്നി	• • ചിറ്റാർ
		6. കോന്നി	• കോന്നി
		7. ആറന്മുള	• പത്തനംതിട്ട
4	ആലപ്പുഴ	1. ചേർത്തല	• ചേർത്തല
		2. ആലപ്പുഴ	• ആലപ്പുഴ

		3. ഹരിപ്പാട്	• കാർത്തികപ്പള്ളി
		4. അരൂർ	• കുത്തിയതോട്
		5. മാവേലിക്കര	• നൂറനാട്
		6. മാവേലിക്കര	• മാവേലിക്കര
5	കോട്ടയം	1. കോട്ടയം	• കോട്ടയം
		2. പുതുപ്പള്ളി	• പാമ്പാടി
		3. ഏറ്റുമാനൂർ	• ഏറ്റുമാനൂർ
		4. വൈക്കം	• വൈക്കം
		5. കടുത്തുരുത്തി	• കടുത്തുരുത്തി
		6. പൂഞ്ഞാർ	• കാഞ്ഞിരപ്പിള്ളി
		7. കാഞ്ഞിരപ്പിള്ളി	• എരുമേലി
		8. പാലാ	• പാലാ
		9. കടുത്തുരുത്തി	• കുറുവിലങ്ങാട് •
		10. പൂഞ്ഞാർ	• ഈരാറ്റുപേട്ട
		11. ചങ്ങനാശ്ശേരി	• ചങ്ങനാശ്ശേരി

6	ഇടുക്കി	1. ദേവികുളം	• മറയൂർ
		2. ദേവികുളം	• ദേവികുളം
		3. ദേവികുളം	• അടിമാലി
		4. ഉടുമ്പൻ ചോല	• ഉടുമ്പൻ ചോല
		5. തൊടുപുഴ	• തൊടുപുഴ
		6. തൊടുപുഴ	• മൂലമറ്റം
		7. ഇടുക്കി	• കട്ടപ്പന
		8. ഇടുക്കി	• തങ്കമണി
		9. പീരുമേട്	• പീരുമേട്
		10. പീരുമേട്	• വണ്ടിപ്പെരിയാർ
7	എറണാകുളം	1. തൃപ്പൂണിത്തുറ	• തൃപ്പൂണിത്തുറ
		2. കൊച്ചി	• മട്ടാഞ്ചേരി
		3. വൈപ്പിൻ	• ഞാറയ്ക്കൽ
		4. പറവൂർ	• വരാപ്പുഴ
		5. പറവൂർ	• നോർത്ത് പറവൂർ
		6. ആലുവ	• ആലുവ
		7. അങ്കമാലി	• അങ്കമാലി
		8. അങ്കമാലി	• കാലടി
		9. കുന്നത്തുനാട്	• മാമല
		10. മുവാറ്റുപുഴ	• മുവാറ്റുപുഴ
		11. പിറവം	• പിറവം
		12. കോതമംഗലം	• കോതമംഗലം

		13. കോതമംഗലം	• കുട്ടമ്പുഴ
8	തൃശ്ശൂർ	1. മണലൂർ	• അന്തിക്കാട്
		2. കൊടുങ്ങല്ലൂർ	• മാള
		3. നാട്ടിക	• വാടാനപ്പള്ളി
9	പാലക്കാട്	1. മണ്ണാർക്കാട്	• അഗളി
		2. ഒറ്റപ്പാലം	• ചെർപ്പുളശ്ശേരി
		3. മലമ്പുഴ	• പറളി
		4. മലമ്പുഴ	• പാലക്കാട്
		5. പട്ടാമ്പി	• പട്ടാമ്പി
		6. ഒറ്റപ്പാലം	• ഒറ്റപ്പാലം
		7. തരൂർ	• ആലത്തൂർ
		8. കുഴൽമന്ദം	• കുഴൽമന്ദം
		9. നെന്മാറ	• കൊല്ലംകോട്
		10. ചിറ്റൂർ	• ചിറ്റൂർ
		11. തൃത്താല	• തൃത്താല
		12. കോങ്ങാട്	• മണ്ണാർക്കാട്
10	മലപ്പുറം	1. പൊന്നാനി	• പൊന്നാനി
		2. തിരൂർ	• തിരൂർ
		3. മഞ്ചേരി	• മഞ്ചേരി
		4. വണ്ടൂർ	• കാളികാവ്
		5. പെരിന്തൽമണ്ണ	• പെരിന്തൽമണ്ണ
		6. കുറ്റിപ്പുറം	• കുറ്റിപ്പുറം
		7. തിരുരങ്ങാടി	• പരപ്പനങ്ങാടി
		8. കൊണ്ടോട്ടി	• മലപ്പുറം
		9. നിലമ്പൂർ	• നിലമ്പൂർ

11	കോഴിക്കോട്	1. കൊടുവള്ളി	• താമരശ്ശേരി
		2. ബാലുശ്ശേരി	• ബാലുശ്ശേരി
		3. കോഴിക്കോട് സൌത്ത്	• കോഴിക്കോട്
		4. കുന്ദമംഗലം	• ഫറോക്ക്
		5. കുന്ദമംഗലം	• കുന്ദമംഗലം
		6. ഏലത്തൂർ	• ചേളന്നൂർ
		7. കൊയിലാണ്ടി	• കൊയിലാണ്ടി
		8. വടകര	• വടകര
		9. കുറ്റ്യാടി	• നാദാപുരം
12	വയനാട്	1. കൽപ്പറ്റ	• കൽപ്പറ്റ
		2. സുൽത്താൻബത്തേരി	• സുൽത്താൻബത്തേരി
		3. മാനന്തവാടി	• മാനന്തവാടി
13	കണ്ണൂർ	1. തലശ്ശേരി	• തലശ്ശേരി
		2. ധർമ്മടം	• പിണറായി
		3. കൂത്തുപറമ്പ്	• കൂത്തുപറമ്പ്
		4. പേരാവൂർ	• പേരാവൂർ
		5. മട്ടന്നൂർ	• ഇരിട്ടി
		6. പേരാവൂർ	• മട്ടന്നൂർ
		7. കണ്ണൂർ	• കണ്ണൂർ
		8. കല്യാശ്ശേരി	• പാപ്പിനിശ്ശേരി
		9. തളിപ്പറമ്പ്	• തളിപ്പറമ്പ്
		10. പയ്യന്നൂർ	• പയ്യന്നൂർ
		11. ഇരിക്കൂർ	• ആലക്കോട്

		12. തളിപ്പറമ്പ്	• ശ്രീകൺഠാപുരം
14	കാസർഗോഡ്	1.കാസർഗോഡ്	• കാസർഗോഡ്
		2.മഞ്ചേശ്വരം	• കുമ്പള
		3.ഉദുമ	• ബന്തടുക്ക
		4.കാസർഗോഡ്	• ബദിയടുക്ക
		5.തൃക്കരിപ്പൂർ	• നീലേശ്വരം
		6.കാഞ്ഞങ്ങാട്	• ഹോസ്ദുർഗ്

സെക്ഷൻ ഓഫീസർ